(ബി) ഏതെല്ലാം ജില്ലകളിൽ വളർച്ചാ കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചു ;

(സി) ഈ വർഷം ഏതെല്ലാം ജില്ലകളിൽ പ്രസ്തുത കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ വളർച്ചാ കേന്ദ്രങ്ങൾ പൂർത്തിയാകുമ്പോൾ എന്തു തുകയുടെ മൂലധന നിക്ഷേപം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ആലപ്പുഴ എന്നീ ജില്ലകളിൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ സ്ഥാപിച്ചു വരുന്നു.

(ബി) കണ്ണൂർ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ 'റബ്കോ' അവരുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ഒരു നാളികേര സംസ്കരണ സ്ഥാപനം, ഇൻടെക് ആരോമാറ്റിക്സ് എന്ന മറ്റൊരു സ്വകാര്യ സ്ഥാപനവും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ നാല് ജില്ലകൾക്ക് പുറമേ മറ്റു ജില്ലകളിൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് തീരുമാനമില്ല.

(ഡി) വ്യവസായ വളർച്ചാ കേന്ദ്രങ്ങളുടെ പണി പൂർത്തിയാക്കി. വ്യവസായ സംരംഭകർ യൂണിറ്റുകൾ തുടങ്ങിക്കഴിഞ്ഞു. അവയുടെ വിവിധ വശങ്ങൾ കണക്കിലെടുത്ത് മാത്രമേ മൂലധന നിക്ഷേപത്തെക്കുറിച്ചുള്ള വിശദാംശം നൽകുവാൻ കഴിയുകയുള്ളൂ.

കേന്ദ്ര സർക്കാർ സംസ്ഥാനത്ത് നടത്തിയ മുതൽ മുടക്ക്

6 (2003) ശ്രീ. പി. വിശ്വൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എൻ. കണ്ണൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാല് വർഷത്തിനിടയിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്ത് വ്യവസായിക രംഗത്ത് നടത്തിയ മുതൽ മുടക്ക് എത്രയാണ് ;

(ബി) തൊഴിൽ തർക്കംമൂലം സംസ്ഥാനത്ത് ഏതെങ്കിലും വ്യവസായ സ്ഥാപനം ഇപ്പോൾ പൂട്ടിക്കിടക്കുന്നുണ്ടോ ?

ഉത്തരം

(എ) ലഭ്യമായ കണക്കനുസരിച്ച് സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റ് നിക്ഷേപം 1996-97-ൽ 601.74 കോടി രൂപയും 1997-98-ൽ 724.04 കോടി രൂപയും ആയിരുന്നു. 1998-99, 1999-2000 വർഷങ്ങളിലെ കണക്ക് ഇപ്പോൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൊഴിൽ തർക്കംമൂലം സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും പൂട്ടിക്കിടക്കുന്നില്ല. എന്നാൽ 31-3-2000 വരെയുള്ള കണക്കനുസരിച്ച് സമരം മൂലം 5 വ്യവസായ സ്ഥാപനങ്ങളും ലോക്കൗട്ട് മൂലം 17 വ്യവസായ സ്ഥാപനങ്ങളും ലേ ഓഫ് മൂലം 12 വ്യവസായ സ്ഥാപനങ്ങളും സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്നുണ്ട്.

വൈദ്യുതിക്ഷാമംമൂലം വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

7 (2004) ശ്രീ. കെ. ബാബു :
ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് നിലനിൽക്കുന്ന വൈദ്യുതിക്ഷാമംമൂലം വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് എപ്രകാരം പരിഹാരം കാണാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

വൈദ്യുതി പ്രസരണ-വിതരണ ശൃംഖലയുടെ ശേഷിക്കുറവ് മൂലം ജില്ലാ ആസ്ഥാനങ്ങൾ ഒഴികെയുള്ള സ്ഥലങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള ലോഡ് ഷെഡിംഗ് ഇപ്പോഴും തുടരുന്നു. പ്രസരണ-വിതരണ ശൃംഖല ശക്തിപ്പെടുത്തുന്ന ജോലികൾ വിദ്യുച്ഛക്തി ബോർഡ് ദ്രുതഗതിയിൽ നടത്തിവരുന്നുണ്ട്. അത് പൂർത്തിയാകുന്നതോടെ വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്തുനിന്നും മാറ്റപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ

8 (2005) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്തുനിന്നും അന്യസംസ്ഥാനങ്ങളിലേയ്ക്ക് മാറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

തീപിടിത്തത്തെ തുടർന്ന് അടച്ചുപൂട്ടിയ കഞ്ചിക്കോട് പ്രവർത്തിച്ചിരുന്ന മാസ്കമ്പസ്റ്റിബിൾ പാക്ക് ലിമിറ്റഡ് എന്ന കമ്പനി ഹൈദ്രാബാദിൽ പുതിയതായി പാർക്ക് സ്ഥാപിച്ച് ഈ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly